**No. CEE/5400/2018/LLM-2018/TA2**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## 2018–19–ലെ എൽ.എൽ.എം.കോഴ്സിലേയ്ക്കുള്ള ഓൺലൈൻ പ്രവേശന പരീക്ഷ

1. തിരുവനന്തപുരം, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നീ സർക്കാർ ലോ കോളേജുകളിലെയും സംസ്ഥാന സർക്കാരുമായി സീറ്റ് പങ്കിടുന്ന സ്വകാര്യ-സ്വാശ്രയ ലോ കോളേജുകളിലെയും 2018–2019 അധ്യയന വർഷത്തെ എൽ.എൽ.എം. കോഴ്സിലേയ്ക്കുള്ള ഓൺലൈൻ പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.
2. **പ്രവേശനത്തിന് വേണ്ട യോഗ്യതകൾ**:–

i. **നേറ്റിവിറ്റി**: അപേക്ഷകൻ ഇന്ത്യൻ പൗരനായിരിക്കണം. എന്നാൽ കേരളീയരായ അപേക്ഷകർ മാത്രമാണ് ഏതെങ്കിലും തരത്തിലുള്ള സംവരണത്തിനോ ഫീസ് ഇളവിനോ അർഹരായിട്ടുള്ളത് (പ്രോസ്പെക്ടസ് ക്ലോസ് 5 കാണുക).

ii. **വിദ്യാഭ്യാസ യോഗ്യത**: കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽനിന്നും ലഭിച്ചതോ അല്ലെങ്കിൽ കേരളത്തിലെ സർവ്വകലാശാലകൾ തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതോ ആയ ത്രിവത്സര/പഞ്ചവത്സര എൽ.എൽ.ബി. പരീക്ഷയിൽ കുറഞ്ഞത് 50% മാർക്കോടെയുള്ള വിജയം. ത്രിവത്സര/ പഞ്ചവത്സര അവസാന വർഷ പരീക്ഷ എഴുതുന്ന/എഴുതി ഫലം കാത്തിരിക്കുന്ന വിദ്യാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്. പക്ഷെ അത്തരത്തിലുള്ള അപേക്ഷകർ കോളേജ് പ്രവേശന സമയത്ത് യോഗ്യതാ പരീക്ഷയുടെ അസ്സൽ മാർക്ക് ലിസ്റ്റ്, ഡിഗ്രി/ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

iii. **വയസ്**: എൽ.എൽ.എം. കോഴ്സുകളിലേയ്ക്ക് ഉയർന്ന പ്രായപരിധി ഇല്ല.

3. **ഓൺലൈൻ പ്രവേശന പരീക്ഷ**: എൽ.എൽ.എം.കോഴ്സിലേയ്ക്ക് പ്രവേശനത്തിനായുള്ള ഓൺലൈൻ പ്രവേശന പരീക്ഷ (**Computer Based Test**)**2019 മാർച്ച് 10–ാം തീയതി ഞായറാഴ്ച തിരുവനന്തപുരത്ത്** വച്ച് നടത്തുന്നതാണ്. മൂന്ന് മണിക്കൂർ ദൈർഘ്യമുള്ള ഓൺലൈൻ പ്രവേശന പരീക്ഷയ്ക്ക് ഒബ്ജക്ടീവ് മാതൃകയിലുള്ള 100 ചോദ്യങ്ങൾ വീതമുള്ള രണ്ട് പാർട്ടുകൾ (**Part A & Part B**) ഉണ്ടായിരിക്കും. ചോദ്യങ്ങൾ എൽ.എൽ.ബി. പരീക്ഷയുടെ നിലവാരത്തിലുള്ളതായിരിക്കും.
4. **ഓൺലൈൻ അപേക്ഷാസമർപ്പണവും അപേക്ഷാഫീസും**:
ജനറൽ/ എസ്.ഇ.ബി.സി. വിഭാഗത്തിന് 800 രൂപയും, പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർക്ക് 400/– രൂപയുമാണ് അപേക്ഷാഫീസ്. അപേക്ഷാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ **21.02.2019 മുതൽ 01.03.2019 വൈകുന്നേരം 5 മണിയ്ക്കകം** ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫീസ് ഓൺലൈൻ പേയ്മെന്റായോ ഓൺലൈൻ അപേക്ഷാവേളയിൽ ലഭിക്കുന്ന ഇ–ചെലാൻ മുഖേനയോ അടയ്ക്കേണ്ടതാണ് (ക്ലോസ് 11.2.3 കാണുക).ഇന്റർനെറ്റ് ബാങ്കിംഗ്, ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ് മുതലായ മാർഗങ്ങൾ ഓൺലൈൻ പേയ്മെന്റ് ഓപ്ഷനിൽ ഉപയോഗപ്പെടുത്താവുന്നതാണ്. ഇ–ചെലാൻ വഴി ഫീസ് ഒടുക്കുന്നവർ ഓൺലൈൻ അപേക്ഷാവേളയിൽ ലഭിക്കുന്ന ഇ–ചെലാൻ ഉപയോഗിച്ച് കേരളത്തിലെ ഏതെങ്കിലും ഹെഡ്/സബ് പോസ്റ്റ് ഓഫീസിൽ പണമായി ഫീസ് അടയ്ക്കേണ്ടതാണ്. അപേക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. ഫീസ് ഒടുക്കിയശേഷം അപേക്ഷകന്റെ അടുത്ത കാലത്ത് എടുത്ത പാസ്പോർട്ട് സൈസ് കളർ ഫോട്ടോ, ഒപ്പ്, ആവശ്യമായ സർട്ടിഫിക്കറ്റുകൾ/ അനുബന്ധ രേഖകൾ എന്നിവ പ്രോസ്പെക്ടസ് ക്ലോസ് 11.2.4–ൽ പറഞ്ഞിരിക്കുന്ന പ്രകാരം ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. കൺഫർമേഷൻ പേജിന്റെ പ്രിന്റൗട്ടും അനുബന്ധ രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേക്ക് അയയ്ക്കാൻ പാടുള്ളതല്ല.

ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ട സർട്ടിഫിക്കറ്റുകൾ/ രേഖകൾ–

- ഇന്ത്യൻ പൗരത്വം തെളിയിക്കുന്നതിനുള്ള രേഖ (ഇലക്ഷൻ ഐ.ഡി/ പാസ്പോർട്ട്/ ജനന സർട്ടിഫിക്കറ്റ്/ എസ്.എസ്.എൽ.സി.)
- നേറ്റിവിറ്റി തെളിയിക്കുന്നതിനായി പ്രോസ്പെക്ടസ് ക്ലോസ് 5–ൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ഒരു രേഖ.
- ജനനത്തീയതി തെളിയിക്കുന്നതിനായി എസ്.എസ്.എൽ.സി./ ജനന സർട്ടിഫിക്കറ്റ്/ പാസ്പോർട്ട്
- അപേക്ഷകൻ എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ടതാണെങ്കിൽ തഹസിൽദാർ നൽകിയ ജാതി സർട്ടിഫിക്കറ്റ്
- അപേക്ഷകൻ എസ്.ഇ.ബി.സി./ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ടതാണെങ്കിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകിയ നോൺ–ക്രീമിലെയർ സർട്ടിഫിക്കറ്റ്
- അപേക്ഷകൻ നോൺ–ക്രീമിലെയർ വിഭാഗത്തിൽപ്പെടാത്ത ഒ.ഇ.സി. വിദ്യാർത്ഥിയാണെങ്കിൽ വില്ലേജ് ഓഫീസർ നൽകുന്ന ജാതി സർട്ടിഫിക്കറ്റ്
- അപേക്ഷകൻ പ്രോസ്പെക്ടസ് അനുബന്ധം IV(a) വിഭാഗത്തിൽപ്പെട്ടതാണെങ്കിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകുന്ന നോൺ–ക്രീമിലെയർ/ ജാതി സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റും.
- അപേക്ഷകൻ മിശ്രവിവാഹിതരായ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട രക്ഷിതാക്കളുടെ മകൻ/മകൾ ആണെങ്കിൽ തഹസിൽദാർ നൽകിയ മിശ്ര വിവാഹ സർട്ടിഫിക്കറ്റ്.
- ശാരീരിക വൈകല്യമുള്ളവർക്കുള്ള സംവരണത്തിന് ജില്ലാ മെഡിക്കൽ ബോർഡ് നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ).
- അപേക്ഷകൻ രജിസ്റ്റേർഡ് മൽസ്യത്തൊഴിലാളിയുടെ മകൻ/ മകൾ ആണെങ്കിൽ ഫീസ് ഇളവിനായി കേരള മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്.
- അപേക്ഷകൻ ശ്രീചിത്ര ഹോം, നിർഭയ ഹോം, ജുവനൈൽ ഹോം, സർക്കാരിന്റെ കീഴിലുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസി ആണെങ്കിൽ ഫീസ് ഇളവിനായി വനിതാ–ശിശുക്ഷേമ വകുപ്പ് ഡയറക്ടർ നൽകുന്ന സർട്ടിഫിക്കറ്റ്.

**5.** ഓൺലൈൻഅപേക്ഷ സമർപ്പിച്ചതിനുശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്താനോ ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷരെ അനുവദിക്കുന്നതല്ല.ഇതിലേക്കുള്ള അപേക്ഷകളോ ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സ്വീകരിക്കുന്നതല്ല.

**6.** ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യുണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വെബ്സൈറ്റിൽ ലഭ്യമായ നിശ്ചിത പ്രഫോർമകളിലോ, ഇ–ഡിസ്ട്രിക്ട് ഫോർമാറ്റിലോ തന്നെ സമർപ്പിക്കേണ്ടതാണ്.

**7.** **അഡ്മിറ്റ് കാർഡ്**:– ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് അവരുടെ അഡ്മിറ്റ് കാർഡ് **05.03.2019 മുതൽ** **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഈ അഡ്മിറ്റ് കാർഡാണ് പരീക്ഷാഹാളിൽ കൊണ്ടുവരേണ്ടത്.

**8.** സീറ്റുകളുടെ അലോട്ട്മെന്റ് :– പ്രവേശന പരീക്ഷാഫലം പ്രസിദ്ധീകരിച്ച ശേഷം റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ, അപേക്ഷകർ രേഖപ്പെടുത്തുന്ന കോളേജുകളുടെ മുൻഗണനാക്രമം അനുസരിച്ച് കോഴ്സിലേയ്ക്ക് പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് നടത്തുന്നതാണ്. കേന്ദ്രീകൃത അലോട്ട്മെന്റിന്റെ തീയതി വെബ്സൈറ്റിലും പ്രമുഖ ദിനപത്രങ്ങളിലും പ്രസിദ്ധീകരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് വ്യക്തിപരമായ അറിയിപ്പുകൾ നൽകുന്നതല്ല.

**9.** 2018–19–ലെ എൽ.എൽ.എം. കോഴ്സിലേയ്ക്കുള്ള പ്രവേശന പരിക്ഷയും അലോട്ട്മെന്റും സർക്കാർ അംഗീകാരത്തോടെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in, www.cee-kerala.org** എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രോസ്പെക്ടസ് വ്യവസ്ഥകൾക്ക് വിധേയമായിരിക്കും. അപേക്ഷ സമർപ്പിക്കുന്നതിനുമുമ്പ് ഇത് ശ്രദ്ധാപൂർവ്വം വായിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471–2332123, 2339101, 2339102, 2339103, 2339104 എന്നീ ഹെൽപ്‌ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

Sreetha

തിരുവനന്തപുരം
21.02.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**